# വന്ദന ശ്ലോകങ്ങൾ

**അന്തീനാട് ശ്രീ മഹാദേവൻ**

എല്ലാപ്പാപങ്ങളേയും നിടിലമിഴിയിലെത്തീയിൽ
ചുട്ടങ്ങെരിക്കും
ഗൗരീകാന്താ പുരാരേ മുരമഥനസഖേ
ശങ്കരാ ദീനബന്ധോ
ചൊല്ലാർന്നീടും മഹേന്ദ്രാദ്യഖിലസുരവരർ
സർവദാ കുമ്പിടുന്നോ-
രന്തീനാട്ടിന്നധീശാ ശശികലയണിയും
വിശ്വനാഥാ തൊഴുന്നേൻ

**അന്തീനാട് ശ്രീ പാർവ്വതി**

അമ്മേ ഷണ്മുഖ വക്രതുണ്ഡ ജനനീ
ശക്തിപ്രദേ ശങ്കരീ
ക്ഷീരാബ്ധീശ്വര സോദരീ ത്രിനയനേ
മാരാരി ജായേ ശിവേ
ദുർഗ്ഗേ ദേവി മഹേശ്വരീ ദ്യുതിധരേ
മായേ ജഗന്മോഹിനീ
അന്തീനാട്ടെഴുമംബികേ ഗിരിസുതേ
ശ്രീ പാർവ്വതീ രക്ഷമാം

**അന്തീനാട് പുതിയ കാവിലമ്മ**

ശത്രുക്കൾക്കിടിവാളുപോലെ വിലസും
ഖഡ്ഗത്തിനാൽ മൃത്യുവും
ഭക്തന്മാർക്കു സുമന്ദഹാസ സുധയാൽ
സർവാഭിലാഷങ്ങളും
നൽകീടാൻ ശിവ സന്നിധേ പുതിയ കാ-
വമ്പോടമർന്നീടുമെൻ
ഭദ്രേ ദുർഗതി നീക്കി രക്ഷയരുളൂ
ശ്രീ വിശ്വനാഥാത്മജേ